മി സ്പീക്കർ : ഇന്നലെ ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി ഇന്ന് പറയാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപരുടെയും ജീവനക്കാരുടെയും മാത്രം പ്രശ്നമാണ്. അവതരിപ്പിച്ചു കഴിഞ്ഞു. മറുപടി മാത്രം മതി.

(13) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടേയും ജീവനക്കാരുടെയും ശമ്പള പരിഷ്ക്കരണം

(29-3-2000-ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന്റെ മറുപടി)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടേയും ജീവനക്കാരുടേയും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് കമ്മിറ്റി പരിശോധിച്ചു. അത് ഇനി മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരേണ്ടിയിരിക്കുകയാണ്. മുഖ്യമന്ത്രിക്ക് സബ്മിറ്റു ചെയ്തു. മുഖ്യമന്ത്രി അത് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്. അത് വന്നാലുടൻ മന്ത്രിസഭയുടെ പരിഗണനക്ക് കൊണ്ടുവരുന്നതാണ്.

(14) കൊയിലാണ്ടി കേന്ദ്രമായി വിദ്യാഭ്യാസ ജില്ല

ശ്രീ. പി. വിശ്വൻ : സർ, കൊയിലാണ്ടി താലൂക്കിൽ കൊയിലാണ്ടി കേന്ദ്രമായി ഒരു വിദ്യാഭ്യാസ ജില്ല അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. താലൂക്കിൽ 321 സ്കൂളുകളുണ്ട്. 38 ഹൈസ്കൂളുകൾ, 102 യു. പി. സ്കൂളുകൾ, 181 എൽ. പി. സ്കൂളുകൾ 6 എ. ഇ. ഒ.യുമുണ്ട്. ഇപ്പോൾ വടകര താലൂക്കും കൊയിലാണ്ടി താലൂക്കും കൂടിയ വടകര വിദ്യാഭ്യാസ ജില്ലയാണ്. കൊയിലാണ്ടി താലൂക്കിന് പ്രത്യേകമായി ഒരു വിദ്യാഭ്യാസ ജില്ല വേണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പുതിയ വിദ്യാഭ്യാസ ജില്ലകൾ അനുവദിക്കുമ്പോൾ ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(15) പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ശോച്യാവസ്ഥ

ശ്രീ. പി. പി. തങ്കപ്പൻ : സർ, പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ റയോൺസ് കമ്പനി പ്രവർത്തനമൂലധനത്തിന്റെ പോരായ്മമൂലം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിൽ നിന്നും മുൻകൈയെടുത്ത് ഈ കമ്പനി നിലനിർത്തുന്നതിനുവേണ്ടി വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. പക്ഷേ ഇപ്പോൾ പ്രവർത്തന മൂലധനത്തിന്റെ പോരായ്മ ഈ കമ്പനിയുടെ പ്രവർത്തനത്തെ വളരെ മന്ദഗതിയിലാക്കിയിരിക്കുകയാണ്. ഈ കമ്പനിക്ക് സഹായം ചെയ്തുകൊണ്ടിരുന്ന നാല് ബാങ്കുകളെ അടിയന്തിരമായി വിളിച്ചുകൂട്ടി കുറെ കൂടി പ്രവർത്തനം സുഗമമായ രീതിയിൽ കൊണ്ടു പോകുന്നതിനാവശ്യമായ മൂലധനം വേണമെന്നുള്ള ഒരാവശ്യം അവരെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ ട്രേഡ് യൂണിയനുകൾ ഗവൺമെന്റിനും വ്യവസായ വകുപ്പുമന്ത്രിക്കും നിവേദനം തന്നിരുന്നു. അതിനെത്തുടർന്ന് വ്യവസായ വകുപ്പ് സെക്രട്ടറി കഴിഞ്ഞ ദിവസം ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. ആ യോഗത്തിൽ എടുത്തിട്ടുള്ള ഒരു തീരുമാനം ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്ത് ബാങ്കു അധികാരികളെ വിളിച്ച് അടിയന്തിരമായി ഈ കാര്യം അവരെക്കൊണ്ട് അംഗീകരിപ്പിക്കണമെന്നുള്ളതായിരുന്നു. സെക്രട്ടറി ലെവലിൽ വിളിച്ചാൽ കാര്യങ്ങൾ മുഴുവനും നടക്കുമെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്ത് അടിയന്തിരമായി ബാങ്കുകളെ കൊണ്ട് ഈ പ്രവർത്തനമൂലധനം ലഭ്യമാക്കാൻ ശ്രമിക്കണം. ഇല്ലെങ്കിൽ ഈ കമ്പനി പൂട്ടേണ്ടിവരും. 1800-ഓളം തൊഴിലാളികളും പെരുമ്പാവൂർ പ്രദേശം മുഴുവനും വല്ലാത്ത പ്രതിസന്ധിയിലാകും അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിൽ നടപടിയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനിക്ക് പ്രത്യേക പരിഗണന നൽകിയാണ് അതിന്റെ പ്രശ്നങ്ങൾ നമ്മൾ കൈകാര്യം ചെയ്തിട്ടുള്ളത്. സാധാരണ ഗതിയിൽ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്നും പണം കൊടുക്കാറില്ല. എങ്കിലും രണ്ടുകോടി എഴുപത്തിയഞ്ചുലക്ഷം രൂപ സംസ്ഥാന സർക്കാരിൽ നിന്നുതന്നെ ചട്ടങ്ങൾ മറികടന്ന് ഈ കമ്പനിക്ക് കൊടുത്തിട്ടുണ്ട്. അത് കൂടാതെ കെ. എസ്. ഐ. ഡി. സി. യിൽ നിന്നും ആറുകോടി രൂപയും ലഭ്യമാക്കി. സൗജന്യനിരക്കിലാണ് കമ്പനിക്ക് വൈദ്യുതി ലഭ്യമാക്കുന്നത്. പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യം കമ്പനിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്ത് അധികമായി ആവശ്യം വരുന്ന പ്രവർത്തന മൂലധനം ഗവൺമെന്റിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സെക്രട്ടറി ലെവലിൽ ചർച്ച നടന്നു. അടുത്തദിവസം തന്നെ ഇനി ബാങ്ക് അതോറിറ്റികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതാണ്. കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യും അതോടൊപ്പംതന്നെ ബാങ്കുകാർ തയ്യാറായില്ലെങ്കിൽ സഹകരണ ബാങ്കിൽ നിന്നും പണം കിട്ടാനുള്ള പരിശ്രമവും നടത്തുന്നതാണ്. ഒരു പ്രൈവറ്റ് കമ്പനി പ്രൊമോട്ടറെ കണ്ടെത്തുന്നതിനുള്ള ശ്രമവും നടത്തുന്നതാണ്. ഒരു പക്ഷെ വിജയിച്ചെന്നുവരാം.

(16) കണ്ണൂർ - മലബാർ എക്സ്പ്രസ്സുകളിൽ പാലക്കാട് കോച്ചുകൾ നിറുത്തലാക്കിയത് സംബന്ധിച്ച്

ശ്രീ. ടി. കെ. നൗഷാദ് : സർ, പാലക്കാടുകാരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് പാലക്കാട് നിന്നും തിരുവനന്തപുരത്തേക്കും, തിരുവനന്തപുരത്ത് നിന്നും പാലക്കാട്ടേക്കും രാത്രി കാലങ്ങളിൽ ട്രെയിൻ ഇല്ലാത്ത ദുസ്ഥിതി. ഈ ഒരു അവസ്ഥ ശ്രീചിത്രാ ആശുപത്രിയിലേക്കും മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വരുന്ന 100 കണക്കിന് രോഗികൾക്കും പ്രായമായ ആളുകൾക്കും വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ഈ വിഷയങ്ങൾ ഒരു പരിധിവരെ പരിഹരിച്ചിരുന്നത് കോയമ്പത്തൂർ നിന്നും വൈകുന്നേരം തൃശൂരിലേക്ക് പോകുന്ന പാസ്സഞ്ചർ ട്രെയിനിൽ ഒരു കോച്ച് കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly